# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 1742

04-10-2011-ൽ മറുപടിക്ക്

### പ്രതിദിന വൈദ്യുതി ഉപഭോഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ; | (എ) | 31.08.2011-ലെ കണക്കനുസരിച്ച് 1,02,50,480 എൽ.റ്റി. ഉപഭോക്താക്കളും, 3340 എച്ച്.റ്റി/ഇ.എച്ച്.റ്റി. ഉപഭോക്താക്കളും ഉണ്ട്. |
| (ബി) പ്രതിദിന വൈദ്യുതി ഉപഭോഗത്തിന്റെ ശരാശരി എത്രയെന്നു വ്യക്തമാക്കുമോ; | (ബി) | 28.09.2011-ലെ കണക്കനുസരിച്ച് സെപ്തംബർ മാസത്തെ ഇതു വരെയുള്ള പ്രതിദിന ശരാശരി വൈദ്യുത ഉപഭോഗം 49.4370 MU ആണ്. |
| (സി) ഇലക്ട്രിക് - ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് ആളോഹരി വൈദ്യുതി ഉപഭോഗം ക്രമാതീതമായി വർദ്ധിക്കുന്ന സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ഉപഭോക്താക്കളുടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വിവിധ തരം വൈദ്യുതി ഉപകരണങ്ങളുടെ ഉപയോഗത്തിലുണ്ടായിട്ടുള്ള വർദ്ധനവും, അടുത്ത കാലത്തായി എയർ കണ്ടീഷനറുകളുടെ ഉപയോഗത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവും ആളോഹരി വൈദ്യുതി ഉപഭോഗം ക്രമാതീതമായി വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. |
| (ഡി) എങ്കിൽ ആളോഹരി വൈദ്യുതി ഉപഭോഗവും പ്രതിദിനശരാശരി ഉപഭോഗവും കുറയ്ക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചു വ്യക്തമാക്കുമോ ? | (ഡി) | ആളോഹരി വൈദ്യുതി ഉപഭോഗവും പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗവും കുറയ്ക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും ഉള്ള ഊർജ്ജ സംരക്ഷണ പദ്ധതികൾക്ക് സംസ്ഥാന വൈദ്യുതി ബോർഡ് രൂപം നൽകിയിട്ടുണ്ട്. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള ഇത്തരം ഒരു പദ്ധതിയാണ് 'ബജത് ലാമ്പ് യോജന' എന്ന സി.എഫ്..എൽ വിതരണ പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കളുടെ ഇടയിൽ ഉപയോഗത്തിലുണ്ടായിരുന്ന ഊർജ്ജ |

ക്ഷമത കുറഞ്ഞ സാധാരണ ബൾബുകൾ മാറ്റി പകരം ഊർജ്ജക്ഷമത കൂടിയ സി.എഫ്.എൽ. വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഊർജ്ജ സംരക്ഷണത്തെ സംബന്ധിക്കുന്ന ബോധവൽക്കരണ പ്രചരണങ്ങളും നടത്തിയിട്ടുണ്ട്.

ദീർഘകാലാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുളള ഒരു പദ്ധതിയാണ് സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടിയുളള ഊർജ്ജ സംരക്ഷണബോധവൽക്കരണ പരിപാടി. കൂടാതെ ഊർജ്ജക്ഷമത കൂടിയ വൈദ്യുതി ഉപകരണങ്ങളെ സംബന്ധിക്കുന്ന ബോധവൽക്കരണ പരിപാടികളും ബോർഡിന്റെ ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെൽ നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ